**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി മാനുവൽ അവലംബിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2015-ൽ ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്നത് പ്രകാരമുള്ള $1^{st}$Tier, $2^{nd}$ Tier എന്നീ ശ്രേണികളിലായുള്ള ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. ഇതിൽ ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ പ്രവർത്തി നടക്കുന്ന സമയത്ത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. ഒന്നാംഘട്ട പരിശോധനയുടെയും രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്നപക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ നിർദ്ദേശത്തിൽ ഏതെങ്കിലും അംഗീകാരമുള്ള ലാബുവഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമായതിനാൽ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഇല്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം കൂടുതൽ ഉറപ്പ് വരുത്തുന്നതിന് നവീനമായ സംവിധാനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. Mobile Quality Control Lab സൗകര്യം ലഭ്യമാക്കി ആവശ്യ ഘട്ടങ്ങളിൽ പ്രവർത്തി സൈറ്റിൽ എത്തി quality പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ